# Dakshina Kerala Jam-iyyathul Ulama

H.O. Kollam


ജുമുഅ പ്രഭാഷണം "നമുക്കുമുണ്ടൊരു മിഅ്റാജ്" (28/04/17)


അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648


قَدْ أَفْلَحَ الْمُؤْمِنُونَ (١) الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ (٢) ﴿المؤمنون﴾

ഇസറാഅ് മിഅ്റാജിനെ കുറിച്ചാണ് കഴിഞ്ഞ ആഴ്ച സംസാരിച്ചത്.

➤ തിരുനബി(സ) നുബുവ്വത്തിനുമുമ്പും പരിശുദ്ധ ജീവിതം നയിച്ചവരായിരുന്നു. സാധാരണ കുട്ടികളുടെ കുറവുകളൊന്നുമുണ്ടായിരുന്നില്ല. തന്മൂലം അങ്ങേയറ്റം ബഹുമാനത്തോടെയാണ് ജനം തങ്ങളെ കണ്ടിരുന്നത്. നുബുവ്വത്തിന് ശേഷമുള്ള ജീവിത പരിശുദ്ധിയെ കുറിച്ച് പറയേണ്ടതില്ല.

عَنْ عَائِشَةَ قَالَتْ قَال رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنَّ أَتْقَاكُمْ وَأَعْلَمَكُمْ بِاللَّهِ أَنَا (بخاري)

➤ ഇത്രമേൽ പരിശുദ്ധരായ നബി(സ)യെ മിഅ്റാജിനു മുമ്പ് ഒന്നുകൂടി സംസ്കരിക്കപ്പെടുകയുണ്ടായി. ജിബ്രീൽ സംസം കൊണ്ട് തങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിക്കുകയും ഈമാനും ജ്ഞാനവും അതിൽ നിറക്കുകയും ചെയ്തു. ശേഷം മിഅ്റാജിന് പുറപ്പെട്ടു.

عن أَنَسِ بْنِ مَالِكٍ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ .... وَأَنَا بِمَكَّةَ فَنَزَلَ جِبْرِيلُ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَفَرَجَ صَدْرِي ثُمَّ غَسَلَهُ بِمَاءِ زَمْزَمَ ثُمَّ جَاءَ بِطَسْتٍ مِنْ ذَهَبٍ مُمْتَلِئٍ حِكْمَةً وَإِيمَانًا فَأَفْرَغَهُ فِي صَدْرِي ثُمَّ أَطْبَقَهُ ثُمَّ أَخَذَ بِيَدِي فَعَرَجَ بِي إِلَى السَّمَاءِ الدُّنْيَا (بخاري)

ഈ സംഭവത്തിലെ പാഠം: അല്ലാഹുവിനെ സമീപിക്കുന്നവർ അങ്ങേയറ്റം പരിശുദ്ധരായിരിക്കണം. ഹൃദയശുദ്ധി പരമപ്രധാനമാണ്. അതില്ലാത്തവർക്ക് റബ്ബിലേക്ക് അടുക്കാൻ പറ്റില്ല.

➤ ഇതെല്ലാം നബി(സ)യുടെ മിഅ്റാജിന്റെ സ്വഭാവമായിരുന്നുവെങ്കിൽ വിശ്വാസികൾക്ക് മറ്റൊരു മിഅ്റാജുണ്ട്. അത് നിസ്ക്കാരമാണ്.

الصَّلَاةُ مِعْرَاجُ الْمُؤْمِنِ(شرح سنن إبن ماجه للسيوطي/روح المعاني/فيض القدير/مرقاة)

ഇത് ഹൃദയം കൊണ്ടുള്ള മിഅ്റാജാണ്. അഥവാ നിസ്ക്കാരത്തിൽ ഒരു വിശ്വാസിയുടെ ഹൃദയം അല്ലാഹുവിലേക്ക് പറന്നുയരണം. മനസ്സാ റബ്ബിന്റെ മുന്നിലാകണം.

أَنْ تَعْبُدَ اللَّهَ كَأَنَّكَ تَرَاهُ ، فَإِنْ لَمْ تَكُنْ تَرَاهُ فَإِنَّهُ يَرَاكَ " رَوَاهُ مُسْلِمٌ .

➤ നിസ്ക്കാരത്തിൽ റബ്ബുമായി മുനാജാത്തിലാണ്.

عَنْ أَنَسِ بْنِ مَالِكٍ أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ .....فَقَالَ إِنَّ أَحَدَكُمْ إِذَا قَامَ فِي صَلَاتِهِ فَإِنَّهُ يُنَاجِي رَبَّهُ أَوْ إِنَّ رَبَّهُ بَيْنَهُ وَبَيْنَ الْقِبْلَةِ(بخاري)

(അവന്റെ മുന്നിൽ അല്ലാഹു ഉണ്ട്. അവനോട് നേരിട്ട് സംവദിക്കുകയാണ് എന്നർത്ഥം) അതുകൊണ്ടാണ് നമസ്ക്കാരത്തിൽ നാം അഭിമുഖ ശൈലിയിൽ സംസാരിക്കുന്നത്.

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ * اهْدِنَا الصِّرَاطَ الْمُسْتَقِيمَ *رَبِّ اغْفِرلِي وارْحَمْنِي/ وَمَا أَنْتَ أَعْلَمُ....

ചുരുക്കത്തിൽ നിസ്ക്കാരം റബ്ബിലേക്കുള്ള പ്രയാണവും മുനാജാത്തുമാണ്.

➢ മുനാജാത്തിനായി റബ്ബിനെ സമീപിക്കുമ്പോൾ നാം പരിശുദ്ധരായിരിക്കേണ്ടതുണ്ട്. അതു കൊണ്ടാണ് മിഅ്റാജിന് മുമ്പ് നബി(സ്വ) യെ സംസംകൊണ്ട് സംസ്കരിച്ചത്. ഈ പരിശുദ്ധിയുടെ ഭാഗമാണ് നമ്മുടെ വുളൂഉം ശുചീകരണവും.

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ " إِذَا تَوَضَّأَ الْعَبْدُ الْمُسْلِمُ أَوْ الْمُؤْمِنُ فَغَسَلَ وَجْهَهُ خَرَجَ مِنْ وَجْهِهِ كُلُّ خَطِيئَةٍ نَظَرَ إِلَيْهَا بِعَيْنَيْهِ مَعَ الْمَاءِ أَوْ مَعَ آخِرِ قَطْرِ الْمَاءِ فَإِذَا غَسَلَ يَدَيْهِ خَرَجَ مِنْ يَدَيْهِ كُلُّ خَطِيئَةٍ كَانَ بَطَشَتْهَا يَدَاهُ مَعَ الْمَاءِ أَوْ مَعَ آخِرِ قَطْرِ الْمَاءِ فَإِذَا غَسَلَ رِجْلَيْهِ خَرَجَتْ كُلُّ خَطِيئَةٍ مَشَتْهَا رِجْلَاهُ مَعَ الْمَاءِ أَوْ مَعَ آخِرِ قَطْرِ الْمَاءِ حَتَّى يَخْرُجَ نَقِيًّا مِنَ الذُّنُوبِ (مسلم)

അങ്ങനെ പരിശുദ്ധനായിട്ടാണ് അയാൾ നിസ്ക്കാരത്തിന് നിൽക്കുന്നത്.

➢ ബാഹ്യമായ പരിശുദ്ധിയോടൊപ്പം അനിവാര്യമായ ഒന്നാണ് ഹൃദയശുദ്ധി. അസൂയ/പക/ കുശുമ്പ്/ ചതി/വഞ്ചന ഇത്തരം രോഗങ്ങൾ ഹൃദയത്തിൽ വെച്ചുകൊണ്ട് റബ്ബിനെ പ്രാപിക്കാൻ കഴിയില്ല. ഹാബീലിന്റെ ഖുർബാൻ സ്വീകരിക്കാതെ പോയത് അസൂയ വെച്ചതുകൊണ്ടാണ്.

وَاتْلُ عَلَيْهِمْ نَبَأَ ابْنَيْ آدَمَ بِالْحَقِّ إِذْ قَرَّبَا قُرْبَانًا فَتُقُبِّلَ مِنْ أَحَدِهِمَا وَلَمْ يُتَقَبَّلْ مِنَ الْآخَرِ قَالَ لَأَقْتُلَنَّكَ ۖ قَالَ إِنَّمَا يَتَقَبَّلُ اللَّهُ مِنَ الْمُتَّقِينَ (٢٧) ﴿المائدة﴾

➢ മനസ്സിൽ നിന്ന് എല്ലാം ഒഴിവാക്കി റബ്ബിനെ ഓർത്ത് നിസ്ക്കരിക്കാൻ കഴിയണം. ഇതാണ് ഭക്തി.

ചരിത്രം: അലിയ്യ്(റ) ന്റെ ശരീരത്തിൽ അമ്പ് തറച്ചു. എടുക്കാൻ കഴിയാതെയായി. താൻ നമസ്ക്കരിക്കുമ്പോൾ എടുത്തുകൊള്ളാൻ അദ്ദേഹം പറഞ്ഞു. എടുത്തത് അദ്ദേഹം അറിഞ്ഞതു പോലുമില്ല. (വിശദീകരിക്കുക)

قَدْ أَفْلَحَ الْمُؤْمِنُونَ (١) الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ (٢)

➢ ഭക്തിക്ക് തടസ്സമുണ്ടാക്കുന്ന കാര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. തശ്വീശുണ്ടാക്കും വിധം വരയും കുറിയുമുള്ള മുസല്ലയിൽ നിസ്കരിക്കൽ കറാഹത്ത്/ മലമൂത്ര വിസർജ്ജനം അനിവാര്യമാകുമ്പോൾ അത് നിർവ്വഹിക്കാതെ നിസ്കരിക്കൽ കറാഹത്ത്/ അമിതമായി വിനശപ്പനുഭവപ്പെടുമ്പോൾ ഭക്ഷണം കഴിച്ച് നിസ്കരിക്കലാണ് വേണ്ടത്. ഇതെല്ലാം ഭക്തിക്ക് തടസ്സങ്ങൾ ഉണ്ടാകാതിരിക്കാനാണ്.

➢ എന്നാൽ ഇന്ന് നമ്മുടെ നമസ്ക്കാരങ്ങൾ മിഅ്റാജാകുന്നുണ്ടോ? ഇല്ലെങ്കിൽ അവ ചടങ്ങുകൾ മാത്രമാകുകയാണ്. അത് മാറണം. ഓരോ നമസ്ക്കാരവും തന്റെ ജീവിതത്തിലെ അവസാന നിസ്കാരമായേക്കാം എന്ന് വിചാരിച്ച് നിസ്കരിക്കുക.

عَنْ أَبِي أَيُّوبَ , قَالَ : جَاءَ رَجُلٌ إِلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ , فَقَالَ : يَا رَسُولَ اللَّهِ , عَلِّمْنِي وَأَوْجِزْ , قَالَ : " إِذَا قُمْتَ فِي صَلَاتِكَ , فَصَلِّ صَلَاةَ مُوَدِّعٍ (سنن ابن ماجه)

ഇത് ഭക്തിയും ഇലാഹീ ചിന്തയും ഉണ്ടാക്കാൻ ഉപകരിക്കും. അബ്ദുല്ലാഹിബ്നു മുബാറക് (റ) ഇങ്ങനെയായിരുന്നു. 40 വർഷമായി ഓരോ വഖ്തും താൻ ഇവ്വിധമാണ് നമസ്ക്കരിച്ചത് എന്ന് അദ്ദേഹം പറയുകയുണ്ടായി.